# S.S.L.C. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. കൃത്യം 1.30 ന് എല്ലാ ദിവസവും പരീക്ഷ ആരംഭിക്കുന്നതാണ് . അതിനാൽ പരീക്ഷ തുടങ്ങുന്നതിന് അര മണിക്കൂർ മുമ്പേ തന്നെ ഹാളിൽ എത്തിച്ചേരേണ്ടതാണ് .
2. കൃത്യം 1.45 ന് ചോദ്യക്കടലാസ് ലഭിക്കുന്നതാണ് . 1.45 നുള്ളിൽ ഏൻസർ ഷീറ്റിലെ ആദ്യപേജ് പൂരിപ്പിക്കുക . നമ്പർ വ്യക്തമായി എഴുതുക.
3. ചോദ്യപേപ്പറിന്റെ ഒന്നാമത്തേയും മൂന്നാമത്തേയും പേജിൽ നമ്പർ എഴുതി ഒപ്പിടുക.
4. കൂൾ ഓഫ് ടൈമിൽ ചോദ്യങ്ങൾ ശ്രദ്ധിച്ച് വായിക്കുക.
5. കൃത്യം രണ്ട് മണിക്ക് ഉത്തരങ്ങൾ എഴുതിത്തുടങ്ങുക.
6. ഉത്തരങ്ങൾ ചോദ്യങ്ങളുടെ ക്രമത്തിൽ എഴുതുവാൻ ശ്രദ്ധിക്കുക.
7. ചോദ്യത്തിനു നൽകിയിട്ടുള്ള മാർക്കിനനുസരിച്ച് ഉത്തരങ്ങളുടെ വലുപ്പം തീരുമാനിക്കുക.
8. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം .
9. ഉത്തരം എഴുതുമ്പോൾ ചോദ്യത്തിന്റെ ക്രമനമ്പർ വ്യക്തമായി എഴുതണം.
10. ഉത്തരം വെട്ടേണ്ടിവന്നാൽ വ്യക്തമായി വെട്ടുക.
11. ഓരോ ഉത്തരവും എഴുതുമ്പോൾ പ്രസ്തുത ചോദ്യങ്ങളുടെ നമ്പറിൽ ടിക് മാർക്ക് ഇടുക. ഇത് ചോദ്യങ്ങൾ വിട്ടുപോകാതിരിക്കുന്നതിന് സഹായിക്കും .
12. ഓരോ പേജിലും പേജ് നമ്പർ ഇടുക.
13. അഡീഷണൽ ഷീറ്റ് വാങ്ങിക്കഴിഞ്ഞ ഉടനെ പേജ് നമ്പറും രജിസ്റ്റർ നമ്പറും എഴുതുക.
14. ഇടതുഭാഗത്ത് മാർജിന് വ്യക്തമായി സ്ഥലം ഇടുക. എന്നാൽ ഓരോ പേജും സ്കെയിലും പെൻസിലും ഉപയോഗിച്ച് മോടി പിടിപ്പിക്കുക ചില കുട്ടികളുടെ പതിവാണ് . ഇത് സമയ നഷ്ടം ഉണ്ടാക്കുമെന്ന് ഓർക്കുക.
15. ഇൻസ്ട്രുമെന്റ് ബോക്സ് എല്ലാ ദിവസവും കൊണ്ടുവരിക.
16. അതിൽ രണ്ട് പേന ( ഒരേ നിറത്തിലുള്ളത് ) , പെൻസിൽ , സ്കെയിൽ , റബ്ബർ, ..... തുടങ്ങിയവ ഇല്ലേ എന്ന് ഉറപ്പുവരുത്തുക.
17. ഹാൾ ടിക്കറ്റ് ഇൻസ്ട്രുമെന്റ് ബോക്സിൽ വെക്കുക.
18. ഇക്കാര്യം രക്ഷിതാക്കൾ ഉറപ്പുവരുത്തുക.
19. എല്ലാ ദിവസവും യൂണിഫോം , ഐഡന്റിറ്റി കാർഡ് എന്നിവ ധരിച്ചുവരിക.
20. കണക്കു പരീക്ഷക്ക് ഉത്തരമെഴുതുമ്പോൾ ക്രിയ ചെയ്യുന്നതിന് വലതുഭാഗത്ത് വ്യക്തമായ മാർജിനിട്ട് ചെയ്യുക.
21. വലതുഭാഗത്തുള്ള മാർജിനിൽ നിന്ന് ഉത്തരങ്ങൾ എടുത്തെഴുതുമ്പോൾ തെറ്റു പറ്റുന്ന ചില കുട്ടികൾ ഉണ്ട് . അത്തരക്കാർ ഇതൊരു മുൻവിധിയായി കണക്കാക്കി ഉത്തരങ്ങൾ എടുത്തെഴുതിയത് രണ്ടു പ്രാവശ്യം പരിശോധിക്കുക.
22. ചോദ്യങ്ങളുടെ ആദ്യഭാഗം മാത്രം വായിച്ച് ഉത്തരമെഴുതാതിരിക്കുക. വ്യക്തമായി മുഴുവൻ വായിച്ചു മനസ്സിലാക്കിയതിനുശേഷം ഉത്തരമെഴുതുക.
23. ചില ചോദ്യങ്ങളുടെ ആദ്യവായനയിൽ നമുക്ക് ഉത്തരം കിട്ടാത്ത ചോദ്യമാണെന്നു തോന്നാം . പക്ഷെ , ചിലപ്പോൾ രണ്ടുമൂന്നു വട്ടം വായിച്ചുകഴിയുമ്പോൾ അവക്കുള്ള ഉത്തരം മനസ്സിൽ തെളിഞ്ഞുവന്നു എന്നും വരാം .
24. ഉത്തരങ്ങൾ എഴുതിക്കഴിഞ്ഞ ശേഷം സമയമുണ്ടെങ്കിൽ അവ ഒന്നുകൂടി ചെക്ക് ചെയ്യുക.
25. ഉത്തരങ്ങൾ എഴുതിക്കഴിഞ്ഞശേഷം ഷീറ്റിൽ സ്ഥലമുണ്ടെങ്കിൽ അവിടെ ചരിഞ്ഞ വര വരച്ചിടുക.